Draft #2 of File 141685/AC A1-3/2021/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 13-Dec-2021 01:32 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

കുര്യാക്കോസ് ഏലിയാസ് കോളേജ്,മാന്നാനം - 2021-'22 അധ്യയന വർഷത്തേക്ക് MSW പ്രോഗ്രാമിന് അധിക സീറ്റ് വർദ്ധനവ് അനുവദിക്കണമെന്ന അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 6997/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 13.12.2021

---

*പരാമർശം:*-1. മാന്നാനം,കുര്യാക്കോസ് ഏലിയാസ് കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ

2. 20.11.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ:179/21.05/141685/ACA1-3/2021/VCSECTION

**ഉത്തരവ്**

സർവകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജായ മാന്നാനം, കുര്യാക്കോസ് ഏലിയാസ് കോളേജിൽ MSW പ്രോഗ്രാമിന് 2021-'22 അധ്യയന വർഷത്തേക്ക് 30 സീറ്റുകൾ അനുവദിച്ചിരുന്നു.ടി പ്രോഗ്രാമിലേക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള വർദ്ധനവും കോവിഡ്-19 സാഹചര്യവും പരിഗണിച്ചുകൊണ്ട് MSW പ്രോഗ്രാമിന് അധികമായി 10 സീറ്റുകൾ കൂടെ 2021-'22 അധ്യയന വർഷത്തേയ്ക്ക് വർദ്ധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ അപേക്ഷ സമർപ്പിച്ചിരുന്നു.

ടി അപേക്ഷ പരാമർശം (2) പ്രകാരം കൂടിയ സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും, താഴെ പറയുന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

"നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് ഒരു കോളേജിൽ MSW പ്രോഗ്രാമിനു അനുവദിക്കാവുന്ന പരമാവധി സീറ്റുകളുടെ എണ്ണം 30 ആണെന്നതിനാൽ മാന്നാനം, കുര്യാക്കോസ് ഏലിയാസ് കോളേജിൽ MSW പ്രോഗ്രാമിന് അധികമായി 10 സീറ്റ് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയിരിക്കുന്ന അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു".

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പ്രിൻസിപ്പൽ, കുര്യാക്കോസ് ഏലിയാസ് കോളേജ്,മാന്നാനം
2. വൈസ് ചാൻസലർ/പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ / പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4. ബന്ധപ്പെട്ട ജെ.ആർ./ ഡി. ആർ./ എ. ആർ.(ഭരണം / അക്കാദമിക്/ പരീക്ഷ)
5. എ സി എ 1/എ സി ബി 6/ ആക്ഷൻ ടേക്കൺ റിപ്പോർട്ട്/ ഐ ക്യൂ എ സി
6. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/ യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. കരുതൽ ഫയൽ/ ഫയൽ കോപ്പി/ റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 141685/AC A1-3/2021/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 13-Dec-2021 01:32 PM - Page 2